# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 939 — 09.08.2017 -ൽ മറുപടിക്ക്

## കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്ര പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് സ്വയം തൊഴിൽ വായ്പ നൽകിയിട്ടുണ്ട്; | (എ) കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 31.07.2017 വരെ 28,179 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 159 പേർക്ക് സ്വയം തൊഴിൽ വായ്പ നൽകിയിട്ടുണ്ട്. |
| (ബി) സ്വയം തൊഴിൽ വായ്പ ലഭിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ? | (ബി) നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നാല് സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഓരോ പദ്ധതി പ്രകാരവും സ്വയം തൊഴിൽ വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | വായ്പലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ |
|---|---|---|
| 1. | കെസ്റു | 1. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം<br>2. പ്രായപരിധി 21-നും 50-നും മദ്ധ്യേ ആയിരിക്കണം<br>3. കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടില്ല.<br>4. മാതൃഭാഷ എഴുതാനും, വായിക്കാനും അറിയണം.<br>5. അപേക്ഷകർ വിദ്യാർത്ഥി ആയിരിക്കുവാൻ പാടില്ല. |
| 2, | മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ് പദ്ധതി | 1. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം<br>2. പ്രായപരിധി 21-നും 40-നും മദ്ധ്യേ ആയിരിക്കണം<br>3. കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാൻ പാടില്ല.<br>4. പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 3 വർഷവും, പട്ടികജാതി/പട്ടിക വർഗ്ഗ/വികലാംഗ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.<br>5. ഒരു ജോബ് ക്ലബ്ബിൽ കുറഞ്ഞത് രണ്ട് അംഗങ്ങൾ വീതം വേണം. |
| 3. | ശരണ്യ | 1. അശരണരും തൊഴിൽരഹിതരുമായ വനിതകൾക്ക് മാത്രമുള്ള പദ്ധതി.<br>2. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം<br>3. വിധവകൾ,നിയമാനുസൃതം വിവാഹ ബന്ധം വേർപെടുത്തിയ വനിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസിക രോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ വിഭാഗങ്ങൾക്ക് അപേക്ഷിക്കാം.<br>4. അപേക്ഷക വിദ്യാർത്ഥി ആയിരിക്കുവാൻ പാടില്ല.<br>5. കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയിൽ കവിയാൻ പാടില്ല<br>6. പ്രായപരിധി 18-നും 55-നും മദ്ധ്യേ ആയിരിക്കണം (അവിവാഹിതരായ വനിതകൾക്ക് 30 വയസ്സ് കഴിഞ്ഞിരിക്കണം. |

....2/-

| ക്രമ നമ്പർ | പദ്ധതി | വായ്പലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ |
|---|---|---|
| 4. | കൈവല്യ | 1. ഭിന്നശേഷിക്കാർക്കായുള്ള പദ്ധതി.<br>2. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം.<br>3. പ്രായപരിധി 21-നും 55-നും മധ്യേ<br>4. അപേക്ഷകർ വിദ്യാർത്ഥിയാകാൻ പാടില്ല.<br>5. കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയിൽ കവിയാൻ പാടില്ല. |

സെക്ഷൻ ഓഫീസർ